രിന്റെ പരിധിയിൽ വരാത്തതെല്ലാം സ്കൂളിന്റെ ഭരണസമിതി അടക്കം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(5) ഇൻഡ്യയിൽ നിന്നുള്ള അവിദഗ്ദ്ധ തൊഴിലാളികൾക്ക് വിസ നൽകേണ്ടതില്ലെന്ന യു.എ.ഇ. സർക്കാരിന്റെ ഉത്തരവ്

ശ്രീ. കെ.പി.എ. മജീദ് : സർ, തൊഴിൽതേടി അലയുന്ന കേരളത്തിലെ ചെറുപ്പക്കാരെ പ്രതികൂലമായി ബാധിക്കത്തക്കരീതിയിൽ യു.എ.ഇ. കേന്ദ്ര തൊഴിൽമന്ത്രാലയം സ്വീകരിച്ചിട്ടുള്ള നടപടിയുടെ ഫലമായി ഇൻഡ്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്കുള്ള വിസ അടിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. യു.എ.ഇ.യിലെ 27 ലക്ഷം ജനങ്ങളിൽ 88 ശതമാനത്തോളം വിദേശികളാണ്. കണക്കനുസരിച്ച് 12 ലക്ഷത്തോളം ഇൻഡ്യാക്കാർ വരും. താൽക്കാലികമായി വിസിറ്റിംഗ് വിസ സമ്പാദിച്ച് ഗൾഫിൽപോയി തൊഴിൽതേടി ഏതെങ്കിലും തൊഴിൽമേഖലയിൽ കടന്നുവരുന്നവരാണ് ചെറുപ്പക്കാരിൽ അധികവും. എന്നാൽ യു.എ.ഇ. യിലെ തൊഴിൽമന്ത്രാലയത്തിന്റെ പുതിയ ഉത്തരവനുസരിച്ച് അൺസ്കിൽഡ് തൊഴിലാളികൾക്ക് ആർക്കുംതന്നെ വിസ അടിക്കേണ്ടതില്ലെന്ന തീരുമാനം വന്നിരിക്കുകയാണ്. അതിന്റെ ഫലമായി ഹോട്ടലിൽ ജോലിയെടുക്കുന്നവർ, അതുപോലെതന്നെ വിവിധ ഷോപ്പുകളിൽ ജോലിചെയ്യുന്നവർ, മെയിന്റനൻസ് പ്രവൃത്തി നടത്തുന്നവർ തുടങ്ങിയവർക്ക് വേണ്ടത്ര വൈദഗ്ദ്ധ്യം നേടാത്ത, ഇവിടെ നിന്ന് ജോലിതേടി പോകുന്ന ചെറുപ്പക്കാർക്ക് വിസ ലഭിക്കാത്ത ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. കഴിഞ്ഞ ഞായറാഴ്ചയോടുകൂടി ഇത്തരത്തിൽ വിസ സമർപ്പിച്ചിട്ടുള്ള എല്ലാ മന്ത്രാലയങ്ങളിൽനിന്നും അനുവാദം ലഭ്യമാകാതെ വിസ റദ്ദാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി വളരെയധികം പ്രയാസം ഇന്ന് തൊഴിൽതേടി പോകുന്നവർക്കുണ്ടായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റോ, എംബസിയോ ഇക്കാര്യത്തിൽ കാര്യമായിയാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

യു.എ.ഇ. യിൽ പ്രവർത്തിക്കുന്ന കെ.എം.സി. എന്ന സംഘടനയിൽനിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ട് പ്രകാരം മിനിഞ്ഞാന്ന് ബംഗ്ലാദേശിന്റെയും പാകിസ്ഥാന്റെയും എംബസികൾ ബന്ധപ്പെട്ട അധികാരികളുമായി ചർച്ച നടത്തി. അവിടെ വിസയിൽ വന്നിട്ടുള്ള നിയന്ത്രണങ്ങൾ മാറ്റിയെടുക്കാൻ ബംഗ്ലാദേശ്, പാകിസ്ഥാൻ എംബസികൾ സജീവമായ രീതിയിൽ, അർത്ഥപൂർണ്ണമായ രീതിയിൽ ഉള്ള ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്രയും ഗൗരവതരമായ പ്രശ്നം ഉണ്ടായിട്ടുപോലും ഇൻഡ്യൻ എംബസി അവിടത്തെ തൊഴിൽ മന്ത്രാലയവുമായി ചർച്ച നടത്താനോ വീണ്ടും വിസ ലഭിക്കാൻവേണ്ടിയുള്ള സാഹചര്യം ഒരുക്കാൻ ശ്രമം നടത്താനോ തയ്യാറായിട്ടില്ല. ഗൾഫ് മേഖലയിൽ സാധാരണ ബന്ധപ്പെടാറുള്ള ഈ സഭയിലെ എല്ലാവർക്കും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഈ സ്ഥിതിവിശേഷം അറിയാവുന്നതാണ്. നമ്മുടെ കേന്ദ്ര വിദേശകാര്യ വകുപ്പുമായി അടിയന്തിരമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ നടപടിയുണ്ടാകണം. ധാരാളം ചെറുപ്പക്കാർ വിസ ലഭിക്കാത്തതുകൊണ്ട് തിരിച്ചുപോരുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. എനിക്കു ലഭ്യമായിട്ടുള്ള കണക്ക് അനുസരിച്ച് 15,000 ത്തോളം ആളുകൾ ഈ ഒരു തീരുമാനത്തിന്റെ ഫലമായി ഗൾഫിൽനിന്നും തിരിച്ചുവരേണ്ടിവരുന്നു. ഈ ദുരവസ്ഥ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി ഗൗരവപൂർവ്വം തീരുമാനം എടുക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, യു.എ.ഇ സർക്കാർ ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ള അവിദഗ്ദ്ധ തൊഴിലാളികൾക്ക് വിസ നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയതായി ചില വാർത്താമാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ചുള്ള വിശദമായ കുറിപ്പ് യു.എ.ഇ.യിലെ ഇന്ത്യൻ അംബാസഡറിൽനിന്ന് ലഭിക്കുകയുണ്ടായി. യു.എ.ഇ.യിലെ തൊഴിൽമേഖല പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി അവിടത്തെ സർക്കാർ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതായാണ് അറിയുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗതമായ വിസയ്ക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വിസയ്ക്കും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിന് അംഗീകൃത കമ്പനികൾക്ക് മാത്രം അനുമതി നൽകുക എന്നതാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളിൽനിന്നും മനസ്സിലാകുന്നത്. ഇത് ഇന്ത്യാക്കാരുടെ തൊഴിൽസാധ്യതയെ എത്രത്തോളം ദോഷകരമായി ബാധിക്കുമെന്ന് ഇപ്പോൾ നിശ്ചയിക്കാനാവില്ല. കബളിപ്പിക്കലിനു വിധേയരാകുന്നവരുടെ എണ്ണം കുറയും എന്നാണ് കണക്കാക്കുന്നത്. ഏതായാലും ഇപ്രകാരം ഒരു തീരുമാനം യു.എ.ഇ. സർക്കാർ എടുത്തിട്ടുണ്ടെങ്കിൽ അവിടേക്ക് പോകാൻ ആഗ്രഹിക്കുന്ന സംസ്ഥാനത്തെ ചെറുപ്പക്കാരുടെ തൊഴിൽസാധ്യതയെ അത് ദോഷകരമായി ബാധിച്ചേക്കാവുന്നതാണ്. മാത്രവുമല്ല, ദീർഘകാലാടിസ്ഥാനത്തിൽ ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്നുള്ള റിക്രൂട്ട്മെന്റുകളും നിർത്തൽ ചെയ്തേക്കാവുന്നതിന്റെ നാന്ദിയായിട്ടാണ് ഇത് കാണേണ്ടത്. സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ തേടിപ്പോകാനുള്ള അവസരം കുറയാനിടവരുന്ന ഏത് സാഹചര്യവും ഒഴിവാക്കാൻ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് വേണ്ടതെല്ലാം ചെയ്യുന്നതാണ്.

(6) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച്

ശ്രീ. എം.വി. ജയരാജൻ : സർ, ജില്ലാ സഹകരണ ബാങ്കുകളിലേയും അപ്പക്സ് സഹകരണ സംഘങ്ങളിലേയും നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന് കൈമാറിയതാണ്. ആവശ്യമായിട്ടുള്ള സ്പെഷ്യൽ റൂൾ ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റുമായി പി.എസ്.സി ചർച്ചചെയ്തുവെങ്കിലും ഇതുവരെ നോട്ടിഫിക്കേഷൻ പി.എസ്.സി. ക്ഷണിച്ചിട്ടില്ല. ഇന്ന് ജില്ലാ സഹകരണ ബാങ്കുകളിലും അപ്പക്സ് സഹകരണ സംഘങ്ങളിലുമായി ഏതാണ്ട് 5000 ത്തോളം ഒഴിവുകൾ നിലവിലുണ്ട്. ഉദ്യോഗാർത്ഥികളാണെങ്കിൽ ജോലി തേടി കേരളത്തിൽ അലയുകയാണ്. രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ട് അടിയന്തിരമായി ഈ ഒഴിവുകളിലേയ്ക്ക് പി.എസ്.സി.വഴി നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. അടിയന്തിരമായി ആവശ്യമായിട്ടുള്ള ചട്ടങ്ങൾ ഉണ്ടാക്കി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): സർ, സഹകരണ ആക്ടിലെ 80-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് സംസ്ഥാനത്തിലെ 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലേയും 14 ജില്ലാ സഹകരണ ബാങ്കുകളിലേയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുകയുണ്ടായി. ഇതിന് 25.4.1995 മുതൽ പ്രാബല്യമുണ്ട്. നിയമത്തിൽ ഭേദഗതി വരുത്തിയെങ്കിലും നിയമനം നടത്തുന്നതിനാവശ്യമായ നടപടി ക്രമങ്ങളും ചട്ടങ്ങളും അന്ന് തയ്യാറാക്കിയിരുന്നില്ല. നിയമനാധികാരികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളായതുകൊണ്ട് റിക്രൂട്ട്മെന്റ് ചട്ടങ്ങൾ സഹകരണ സംഘം ആക്ടിനും ചട്ടങ്ങൾക്കും വിധേയമായി അതാതു സ്ഥാപനങ്ങളായിരുന്നു തയ്യാറാക്കേണ്ടിരുന്നത്. പൊതുവായ റിക്രൂട്ട്മെന്റ് ചട്ടങ്ങളാണ് ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly